**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.516 04.02.2020-ലെ മറുപടിക്ക്**

**ട്രഷറി അക്കൗണ്ടുകളിലെ നിക്ഷേപ തുക**

**ചോദ്യം**

**ശ്രീ.വി.ഡി.സതീശൻ**

**മറുപടി**

**ഡോ. ടി.എം. തോമസ് ഐസക്**
**ധനകാര്യവും കയറും വകുപ്പുമന്ത്രി**

| | | |
|---|---|---|
| (എ) | 2019 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ട്രഷറി അക്കൗണ്ടുകളിലേയ്ക്ക് ഫണ്ട് സമാഹരിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള വിവിധ ക്ഷേമനിധി ബോർഡുകൾ, സഹകരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും നിക്ഷേപം സ്വീകരിച്ചിരുന്നുവോ; | വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ട്രഷറി അക്കൗണ്ടുകളിൽ നിക്ഷേപം നടത്തുവാനുള്ള സൗകര്യം നിലവിൽ ട്രഷറികളിലുണ്ട്. ട്രഷറി അക്കൗണ്ടുകളിലേയ്ക്കുള്ള ധനസമാഹരണത്തിന്റെ ഭാഗമായി വിവിധ ക്ഷേമനിധി ബോർഡുകളും ജീവനക്കാരുടെ സഹകരണ സ്ഥാപനങ്ങളും പൊതുമേഖലാ സ്ഥാപനങ്ങളും ട്രഷറികളിൽ നിക്ഷേപം നടത്തിയിരുന്നു. |
| (ബി) | എങ്കിൽ ഈ ഇനത്തിൽ എത്ര കോടി രൂപയാണ് സമാഹരിച്ചത്; | നിക്ഷേപ സമാഹരണത്തിന്റെ ഭാഗമായി 893,48,00,000/- (എണ്ണൂറ്റി തൊണ്ണൂറ്റി മൂന്ന് കോടി നാല്പത്തെട്ട് ലക്ഷം രൂപ മാത്രം) രൂപയാണ് വിവിധ ക്ഷേമനിധി ബോർഡുകളും സഹകരണ സംഘങ്ങളും ട്രഷറികളിൽ നിക്ഷേപിച്ചിരുന്നത്. |
| (സി) | ഇവ പ്രസ്തുത സ്ഥാപനങ്ങൾക്ക് മടക്കി നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര കോടി രൂപ മടക്കി നൽകിയെന്ന് വെളിപ്പെടുത്താമോ? | നിക്ഷേപ സമാഹരണത്തിന്റെ ഭാഗമായി നടത്തിയ നിക്ഷേപങ്ങൾ വിവിധ കാലയളവിലേയ്ക്കുള്ളതാണ്. ഇത്തരത്തിൽ നടത്തിയ സ്ഥിര നിക്ഷേപങ്ങളിൽ 557,98,00,000/- (അഞ്ഞൂറ്റി അമ്പത്തേഴ് കോടി തൊണ്ണൂറ്റി എട്ട് ലക്ഷം രൂപ മാത്രം) രൂപ മടക്കി നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**